# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 6669 04.04.2018-ൽമറുപടിക്ക്

## സ്കൂൾ വിക്കി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ | പ്രൊഫ: സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി ) |
| എ) സംസ്ഥാനത്തെ സ്കൂൾ വിക്കി പദ്ധതി പുനരാരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | എ) സ്കൂൾ വിക്കി (www.schoolwiki.in) 2009 നവംബർ 1 ന് നിലവിൽ വന്നെങ്കിലും 2012 ന് ശേഷം നിർജ്ജീവമായിരുന്നു. ഇതിന് ശേഷം 2016 നവംബറിൽ വീണ്ടും സജീവമായി പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. |
| ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | ബി) ഓരോ സ്കൂളിന്റേയും ചരിത്രം, സവിശേഷ പ്രവർത്തനങ്ങൾ, പൊതു പ്രവർത്തനങ്ങൾ, സ്കൂളിനെ സംബന്ധിക്കുന്ന വിശദാംശങ്ങൾ തുടങ്ങിയവയെല്ലാം ഉൾപ്പെടുത്തുന്നതിന് പങ്കാളിത്ത രൂപത്തിലുള്ള പദ്ധതിയാണ് സ്കൂൾ വിക്കി. സംസ്ഥാന സ്കൂൾ കലോത്സവത്തിലെ ഡ്രോയിങ്ങ്, പെയിന്റിംഗ് ഉൾപ്പെടെയുള്ള എല്ലാ രചനാ മത്സരങ്ങളുടേയും ഉത്പന്നങ്ങൾ കഴിഞ്ഞ വർഷം മുതൽ സ്കൂൾ വിക്കിയിൽ ഉൾപ്പെടുത്തുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്.സംസ്ഥാനത്തെ സ്കൂളുകളുടെ തനത് പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിന് ' വിക്കിപീഡിയ ' മാതൃകയിൽ ആരംഭിച്ച 'സ്കൂൾ വിക്കി'യിൽ ഭൂരിഭാഗം സ്കൂളുകളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ